പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.1236

03/12/2018-ൽ

മറുപടിയ്ക്ക്

# പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീ.എ.പ്രദീപ് കുമാർ

ശ്രീ.കെ.ബാബു

ശ്രീമതി.പി.അയിഷാ പോറ്റി

ശ്രീ.സി.കെ.ഹരീന്ദ്രൻ

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സാമ്പത്തികമായി നിലനിൽപ്പുള്ളവയല്ലാതിരുന്ന (അൺ എക്കണോമിക്) പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകും വിധം മികവുറ്റതാക്കാൻ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ "അൺ ഇക്കണോമിക് (അനാദായകരം)" എന്ന വിശേഷണം നിലവിൽ ഉപയോഗിക്കുന്നില്ല. അതിനു പകരം ഒരു ക്ലാസ്സിൽ ശരാശരി 15-ൽ കുറവാണ് കുട്ടികളുടെ എണ്ണമെങ്കിൽ അത്തരം വിദ്യാലയം ഇനി മുതൽ 'മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയം 'എന്നാണ് അറിയപ്പെടുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിലേക്കായി ഹൈടെക്ക് ക്ലാസ്സ് മുറികൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സർക്കാർ / എയ്ഡഡ് മേഖലകളിൽ നടപ്പിലാക്കി വരുന്നു. സർക്കാർ വിദ്യാലയങ്ങളിൽ പ്രീ-സ്കൂൾ സംവിധാനമുൾപ്പെടെ പ്രോത്സാഹിപ്പിച്ചു കൊണ്ട് പ്രത്യേകമായി പരിഗണിച്ച് അക്കാദമിക മികവ് ഉറപ്പാക്കുന്നതിനും അതുവഴി കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും കേരള എഡ്യൂക്കേഷൻ മിഷൻ മുഖേന ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) മതനിരപേക്ഷ ജനാധിപത്യമൂല്യം ഉയർത്തിപ്പിടിക്കുന്നതിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള പങ്ക്

(ബി) മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ പുതിയ തലമുറയിൽ എത്തിക്കുന്നതിനു സഹായകമായ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനായി ദേശീയ

| | |
|---|---|
| വിലയിരുത്തിയിട്ടുണ്ടോ ; | പ്രസ്ഥാനത്തെക്കുറിച്ചും നവോത്ഥാന മുന്നേറ്റങ്ങളെ കുറിച്ചുമുള്ള പാഠഭാഗങ്ങൾ, സാമൂഹ്യ പരിഷ്കർത്താക്കളെയും, നവോത്ഥാന നായകരെക്കുറിച്ചും അവർ അവതരിപ്പിച്ച ദർശനങ്ങളെക്കുറിച്ചും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനം ഫലപ്രദമാക്കാൻ പാഠ്യപദ്ധതിയിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ ? | (സി) നൂതനമായ ആശയങ്ങൾ ആവിഷ്കരിക്കുന്നതിനും ആരോഗ്യകരമായ മനോഭാവം വളർത്തുന്നതിനും സഹായകമായ വിധത്തിൽ പഠനം ശക്തിപ്പെടുത്താൻ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. |

Namitha P

**സെക്ഷൻ ഓഫീസർ**